മൂസക്കുട്ടി വെട്ടിക്കാട്ടിരി

# 'അറഫ'യിൽ തീപിടിക്കാത്ത 60,000 സ്ഥിരം തമ്പുകൾ നിർമിക്കും



**വിശുദ്ധ** ഹജ്ജ് കർമത്തിന്റെ സുപ്രധാന ഭാഗമായി തീർഥാടകർ മണിക്കൂറുകൾ മാത്രം ചെലവഴിക്കുന്ന അറഫാ മൈതാനിയിൽ 60,000 തീ പിടിക്കാത്ത സ്ഥിരം ടെന്റുകൾ നിർമിക്കുന്നു. ആഭ്യന്തര മന്ത്രിയും ഹജ്ജ് ഉന്നതാധികാര സമിതി അധ്യക്ഷനുമായ അമീർ മുഹമ്മദ് ബിൻ നാഇഫാണ് ഇത് സംബന്ധിച്ച് പഠനം നടത്താൻ നിർദേശം നൽകിയത്. ഇതിനായുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പദ്ധതിക്ക് രണ്ടായിരം കോടി റിയാലോളം ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

തുണികൊണ്ടുള്ള തമ്പുകൾ അഗ്നിബാധപോലുള്ള അപകടങ്ങൾക്ക് വലിയ ഭീഷണിയായ സാഹചര്യത്തിലാണ് പുതിയ പദ്ധതിക്ക് രൂപം നൽകിയത്. തീ പിടിക്കാതിരിക്കാൻ ഉയർന്ന ഗുണനിലവാരത്തിലുള്ളതായിരിക്കും നിർമിക്കാൻ പോകുന്ന തമ്പുകൾ. മിനായുടെ വടക്ക് ഭാഗത്ത് റെയിൽവേ പാത, മിനായിൽ നിന്ന് മുസ്ദലിഫ വഴി അറഫ വരെ 16 മീറ്റർ വീതിയിൽ തുരങ്കം തുടങ്ങിയ പദ്ധതികളുടെ പഠനം നടക്കുന്നുണ്ട്. പുണ്യ നഗരികളിൽ സുഊദി ഭരണകൂടം നടപ്പാക്കിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ നിസ്തുലമാണ്. തീർഥാടകർക്കുള്ള സൗകര്യങ്ങളൊരുക്കുന്നതിൽ സദാ ജാഗരൂകരാണ് ഭരണാധികാരികൾ. ■

# വീണ്ടും മിശ്അൽ



**ഹമാസ്** നേതാവായി ഖാലിദ് മിശ്അൽ (56) വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. മേഖലയിലെ ശക്തി കേന്ദ്രങ്ങളായ ഈജിപ്ത്, ഖത്തർ, തുർക്കി എന്നീ രാജ്യങ്ങളുടെ പിന്തുണയോടെ കയ്റോവിലാണ് തെരഞ്ഞെടുപ്പ് നടന്നത്. ഹമാസ് ഉന്നതാധികാര സമിതിയായ ശൂറാ കൗൺസിൽ ഭൂരിപക്ഷം അംഗങ്ങളും ഖാലിദ് തുടരണമെന്ന് നിർബന്ധം പിടിക്കുകയായിരുന്നു. 1996 മുതൽ ഫലസ്ത്വീൻ പ്രതിരോധ പോരാട്ട പ്രസ്ഥാനമായ 'ഹമാസി'നെ വിദേശത്ത് നിന്ന് നയിക്കുകയാണ് ഖാലിദ് മിശ്അൽ. ഇപ്പോൾ ഖത്തർ ആസ്ഥാനമായാണ് പ്രവർത്തനം. ഇനി നേതൃ സ്ഥാനത്തേക്കില്ല എന്നും പുതു രക്തം കടന്നുവരട്ടെ എന്നുമൊക്കെ ഖാലിദ് മിശ്അൽ പറഞ്ഞു നോക്കിയതാണ്. പക്ഷേ ഖാലിദ് മിശ്അൽ ഒരു ഫലസ്ത്വീൻ വികാരമാണെന്ന് ഹമാസ് നേതാക്കൾക്കറിയാം. അവരെ പിന്തുണക്കുന്ന മേഖലയിലെ മുസ്‌ലിം നാടുകൾക്കും.


ഹമാസ് നേതാവായി ഖാലിദ് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടത് ഫലസ്ത്വീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസുമായി വഴിമുട്ടിയ ഐക്യ ചർച്ചകൾക്ക് വീണ്ടും ജീവൻ പകരാൻ കളമൊരുക്കുമെന്നാണ് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നത്. ■

# ഐറിഷ് ടീച്ചേഴ്സ് യൂണിയൻ ഇസ്രയേലിനെ ബഹിഷ്കരിക്കുന്നു

**ഫലസ്ത്വീൻ** ജനതക്കെതിരെയുള്ള ഇസ്രയേലിന്റെ സമീപനത്തിൽ പ്രതിഷേധിച്ച് ഇസ്രയേൽ വിദ്യാഭ്യാസ രംഗവുമായുള്ള എല്ലാ ബന്ധങ്ങളും വിഛേദിക്കാൻ ഐറിഷ് ടീച്ചേഴ്സ് യൂനിയൻ തീരുമാനിച്ചു. അയർലന്റ് വാർത്താ ഏജൻസിയാണ് ഇക്കാര്യം പുറത്തുവിട്ടത്. അയർലന്റിലെ പതിനാലായിരത്തോളം അംഗങ്ങളുള്ള യൂനിയൻ ഐകകണ്ഠ്യേനയാണ് തീരുമാനം പ്രഖ്യാപിച്ചത്. ഇതോടെ അക്കാദമിക ഗവേഷണങ്ങടക്കം ഇസ്രയേലുമായുള്ള വിദ്യാഭ്യാസ മേഖലയിലെ എല്ലാ സഹകരണങ്ങളും നിർത്തിവെക്കും. ഫലസ്ത്വീൻ ജനതക്ക് നേരെ വംശ വെറിയുടെ രാഷ്ട്രീയം പ്രയോഗിക്കുന്ന ഇസ്രയേലിനെതിരെയുള്ള ബഹിഷ്കരണ തീരുമാനം ഏറെ സന്തോഷം നൽകുന്നതായി ഐറിഷ് ടീച്ചേഴ്സ് യൂനിയൻ പ്രസിഡന്റ് ജിം റോഷെ പറഞ്ഞു.

# ഏകാധിപതികളുടെ ഉത്ഥാനപതനങ്ങൾ തുറന്നുകാട്ടുന്ന ഗ്രന്ഥം

ഹാർവാർഡ് യൂനിവേഴ്സിറ്റി ചരിത്ര വിഭാഗം പ്രഫസറും മിഡിലീസ്റ്റ് ചരിത്ര ഗവേഷകനുമായ റോജർ ഓവൻ എഴുതിയ 'അറബ് ആജീവനാന്ത പ്രസിഡന്റുമാരുടെ ഉത്ഥാന പതനങ്ങൾ' (The Rise and Fall of Arab Presidents for Life) എന്ന ഗ്രന്ഥം അറബ് ഏകാധിപതികളുടെ ഉള്ളുകള്ളികളിലേക്ക് വെളിച്ചം വീശുന്ന ആധികാരിക ചരിത്ര രേഖകൂടിയാണ്. അറബ് ഏകാധിപതികളുടെ ദുരൂഹ സാമ്രാജ്യങ്ങളെയും രാഷ്ട്രീയ കാപട്യങ്ങളെയും കുറിച്ച സൂക്ഷ്മമായ നിരീക്ഷണങ്ങൾ, സ്വന്തം ജനതയുടെ അഭിലാഷങ്ങളോട് പുറംതിരിഞ്ഞ് നിന്ന് അമേരിക്കയും ജൂത സയണിസ്റ്റ് ലോബികളുമായി കൈകോർക്കുന്ന അറബ് ഭരണാധികാരികളെക്കുറിച്ച വസ്തു നിഷ്ഠമായ വിലയിരുത്തലുകൾ, ഉറങ്ങിക്കിടന്നിരുന്ന അറബ് ജനതയുടെ ആവിഷ്കാര സ്വാതന്ത്ര്യം തേടിയുള്ള അപ്രതീക്ഷിതമായ ഉയിർപ്പ് തുടങ്ങി മിഡിലീസ്റ്റ് രാഷ്ട്രീയത്തിന്റെ സമ്പൂർണ വിശകലനമാണ് 2012 മെയിൽ പ്രസിദ്ധീകരിച്ച പുസ്തകം.


*റോജർ ഓവൻ*

മിഡിലീസ്റ്റിലെ അറബ് ഏകാധിപതികളുടെ 'ജനാധിപത്യ ഭരണ കാപട്യം' തുറന്നു കാട്ടുന്ന പുസ്തകം എഴുതാൻ തുടങ്ങുമ്പോഴാണ് തുനീഷ്യയിൽ 'അറബ് വസന്തം' സൈനുൽ ആബിദീൻ ബിൻ അലിയെ പിഴുതെറിയുന്നത്. തുടർന്ന് മൂന്നും നാലും പതിറ്റാണ്ടുകൾ ജനങ്ങളെ അടക്കിവാണ അറബ് ഏകാധിപതികളായ ഹുസ്നി മുബാറക്കും മുഅമ്മർ ഖദ്ദാഫിയും അലി സ്വാലിഹുമൊക്കെ കടപുഴകി വീഴുന്നതും ബശ്ശാറുൽ അസദ് കുലുങ്ങിക്കൊണ്ടിരിക്കുന്നതുമൊക്കെ കാലത്തിന്റെ കൂടെ സഞ്ചരിച്ചാണ് റോജർ അടയാളപ്പെടുത്തുന്നത്. ഹാർഡ്‌വാർഡ് യൂനിവേഴ്സിറ്റി പ്രസ് പുറത്തിറക്കിയ പുസ്തകത്തിന്റെ വില 24.85 അമേരിക്കൻ ഡോളറാണ്.

# ഇസ്‌ലാം ക്രിസ്തുമതത്തേക്കാൾ കാലികമെന്ന് കർദിനാൾ

**പാശ്ചാത്യ** ലോകത്ത് വിശ്വാസപരമായ ദൗർബല്യങ്ങൾ പ്രകടമാണെന്നും ഇസ്‌ലാം ക്രിസ്തുമതത്തേക്കാൾ കാലികമാണെന്നും ഫ്രാൻസിലെ ബഹുമത സംവാദ സഭാ അധ്യക്ഷനായിരുന്ന കർദിനാൾ പോൾ ജോസഫ് ജോൺ പോപ്പർ അഭിപ്രായപ്പെട്ടു. 1985-ൽ കർദിനാൾ പട്ടം ലഭിച്ചയാളാണ് പോൾ ജോസഫ്. ഇറ്റാലിയൻ പത്രമായ Korriere della Serra-ന് അനുവദിച്ച അഭിമുഖത്തിൽ, പാശ്ചാത്യ ക്രിസ്ത്യൻ സമൂഹം മതചിട്ട പാലിക്കുന്നതിൽ വിമുഖത കാണിക്കുന്നുവെന്നും കുടുംബ സംവിധാനത്തിന് പ്രാധാന്യം നൽകുന്നില്ലെന്നും അദ്ദേഹം തുറന്നടിച്ചു. എന്നാൽ, ഇസ്‌ലാം കാലികവും ജൈവികവുമാണെന്നും കർദിനാൾ പോൾ ജോസഫ് പറഞ്ഞു.

# യു.എൻ മേൽനോട്ടത്തിൽ മാലി ദഹനം



**ആഭ്യന്തര** കലാപം നടന്നുകൊണ്ടിരിക്കുന്ന ആഫ്രിക്കൻ രാഷ്ട്രമായ മാലിയിൽ ഇസ്‌ലാമിസ്റ്റുകളെ നേരിടാൻ 11,200 പേരടങ്ങുന്ന അന്താരാഷ്ട്ര സേനയെ കൂടുതലായി നിയോഗിക്കുമെന്ന് പറയുന്നത് ഐക്യ രാഷ്ട്ര സഭ സെക്രട്ടറി ജനറൽ ബാൻ കി മൂൺ. നിലവിൽ മാലിയിൽ അധിനിവേശം നടത്തിക്കൊണ്ടിരിക്കുന്ന ഫ്രഞ്ച് സേനയെ സഹായിക്കുകയാണ് ലക്ഷ്യമെങ്കിലും ഇസ്‌ലാമിസ്റ്റുകളെ നേരിടാനെന്ന പേരിലാണ് യു.എൻ ചെലവിൽ സൈന്യത്തെ വിന്യസിക്കുന്നത്. ഒരു നിശ്ചിത കാലത്തേക്കാണെന്ന വിശദീകരണം സെക്രട്ടറി ജനറൽ നൽകിയിട്ടുണ്ട്. വിവിധ ഫ്രഞ്ച് അനുകൂല ആഫ്രിക്കൻ നാടുകളിൽനിന്നുള്ള സൈനികർ അധിനിവേശ സേനയെ ഇപ്പോൾ തന്നെ സഹായിച്ചുകൊണ്ടിരിക്കുന്നുണ്ട്.

എന്നാൽ, ഫ്രാൻസിന് മാലിയിൽ നിന്ദ്യമായ തോൽവി ഏറ്റുവാങ്ങേണ്ടിവരുമെന്ന് ഉത്തര മാലിയിലെ പ്രധാന നഗരങ്ങളായ ഗാഓ, തുംബക്തു, കിഡാൽ (Gao, Tombouctou, Kidal) എന്നീ മേഖലകളിൽ ആധിപത്യം ഉറപ്പിച്ചിരിക്കുന്ന പ്രധാന മൂന്നു വിമോചന പോരാളികളിൽ പ്രബല വിഭാഗമായ 'അൻസാറുദ്ദീൻ' മുന്നറിയിപ്പ് നൽകി. ഭൂമിശാസ്ത്രപരമായ ആനുകൂല്യമൊഴിച്ചാൽ ഒരു മേന്മയും അവകാശപ്പെടാനില്ലാത്ത പോരാട്ട വിഭാഗങ്ങൾ ഫ്രഞ്ച് അധിനിവേശത്തെ എങ്ങനെ അതിജയിക്കുമെന്ന് കണ്ടുതന്നെ അറിയണം.